**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **07-07-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട്- അപ്പുകളിലെ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സ്റ്റാർട്ട്- അപ്പുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; കഴിഞ്ഞ സർക്കാർ 2016-ൽ ഭരണം ഏറ്റെടുക്കുമ്പോൾ സ്റ്റാർട്ട്- അപ്പുകളിലെ നിക്ഷേപം എത്രയായിരുന്നു; വിശദമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിത് വരെ 3600 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 2016 ജൂലൈയിൽ സംസ്ഥാനത്ത് 300 സ്റ്റാർട്ട് -അപ്പുകൾ ഉണ്ടായിരുന്നത് നിലവിൽ 3900 ആയി ഉയർന്നിട്ടുണ്ട്. നിക്ഷേപം 2016 ൽ 207 കോടി രൂപ ആയിരുന്നത് നിലവിൽ 4300 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |
| (ബി) | സർക്കാർ വകുപ്പുകൾക്ക് സ്റ്റാർട്ട്- അപ്പുകളിൽ നിന്ന് ടെണ്ടറില്ലൂടെയുള്ള പൊതു സംഭരണ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | സ്റ്റാർട്ടപ്പ് സംരംഭകരിൽ നിന്നും ലിമിറ്റഡ് ടെൻഡർ മുഖാന്തിരമുള്ള വാങ്ങലുകൾക്ക് നിശ്ചയിച്ചിട്ടുള്ള ധനപരിധി വർദ്ധിപ്പിച്ചുകൊണ്ടും സ്റ്റാർട്ടപ്പുകൾക്കു ലിമിറ്റഡ് ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള ധനപരിധി ഉയർത്തികൊണ്ടും 5/07/2022- ലെ സ:ഉ(കൈ)നം.2/2022/എസ്.പി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ടെക്നോളജി സംരംഭങ്ങളിലും സ്റ്റാർട്ട്- അപ്പുകളിലും നിക്ഷേപം സമാഹരിക്കുന്നതിനായി സംഘടിപ്പിച്ച ഇഗ്നൈറ്റ് 2022-ന്റെ ഭാഗമായി ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിക്കാമോ? | (സി) | കേരള സ്റ്റാർട്ടപ്പ് മിഷൻ 2022 ഫെബ്രുവരി 27 ന് ദുബായിൽ ഇഗ്നൈറ്റ് 2022 സംഘടിപ്പിച്ചിരുന്നു. ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകരുമായി (Hinetworth Individuals-HNI) സ്റ്റാർട്ട്- അപ്പുകളെ ബന്ധപ്പെടുത്തി നിക്ഷേപം ലഭ്യമാക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. അതിലൂടെ സ്റ്റാർട്ട്- അപ്പുകൾക്ക് ലഭ്യമായ നേട്ടങ്ങൾ താഴെപ്പറയുന്നു.<br><br>1). 2.25 കോടി രൂപയുടെ നിക്ഷേപം<br><br>2). ഉയർന്ന ശേഷിയുള്ള മലയാളി വ്യക്തിഗത നിക്ഷേപകരുടെ UAE ആസ്ഥാനമായുള്ള ഇന്റർനാഷണൽ പ്രൊമോട്ടേഴ്സ് അസോസിയേഷന്റെ (IPA) ഏഞ്ചൽ നെറ്റ് വർക്ക് രൂപീകരണം |

| | | | |
|---|---|---|---|
| | | | 3). പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് മേൽപ്പറഞ്ഞ ഏഞ്ചൽ നെറ്റ് വർക്ക്, IPA എന്നിവരുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള അവസരം<br><br>4). വിദേശത്തുള്ള ഇന്ത്യക്കാർക്ക് (NRI) കേരള സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന്റെ ആവശ്യകതയും അതിലൂടെ ലഭ്യമാകുന്ന ഗുണവും ബോധ്യപ്പെടുത്തൽ. |

സെക്ഷൻ ഓഫീസർ